പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3501

19.10.2016 ന് മറുപടിയ്ക്ക്.

## കലയ്ക്കോട് വനിതാ ഐ.ടി.ഐ

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ :

ഉത്തരം

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പൂതക്കുളം ഗ്രാമ പഞ്ചായത്തിലെ കലയ്ക്കോട് കേന്ദ്രമാക്കി മുൻ എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചിരുന്ന വനിതാ ഐ.ടി.ഐ. ആരംഭിക്കുന്നതിന് പ്രസ്തുത സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു വെന്ന് വിശദമാക്കുമോ?

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ കലയ്ക്കോട് കേന്ദ്രമാക്കി മുൻ എൽ.ഡി.എഫ്. സർക്കാർ വനിതാ ഐ.ടി.ഐ. അനുവദിച്ചിരുന്നില്ല.

(ബി) മുൻ സർക്കാർ പ്രസ്തുത ഐ.ടി.ഐ. പ്രാവർത്തികമാക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിശദാംശം അറിയിക്കാമോ?

(ബി) ഇല്ല.

(സി) പ്രസ്തുത വനിതാ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് മുൻഗണന നൽകി അതിനായുള്ള നടപടി സ്വീകരിക്കുമോ?

(സി) സ്ഥലം, കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ സൗജന്യമായി ലഭ്യമായാൽ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ